# പതിനഞ്ചാം കേരള നിയമസഭ

## നാലാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

<u>2022 ഫെബ്രുവരി 18, വെള്ളി</u>

**നമ്പർ 51**

നിയമസഭാ മന്ദിരത്തിന്റെ പ്രവേശന കവാടത്തിൽ എത്തിയ ഗവർണറെ സ്പീക്കർ, മുഖ്യമന്ത്രി, പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗ വികസനവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, നിയമസഭാ സെക്രട്ടറി, ചീഫ് സെക്രട്ടറി എന്നിവർ ചേർന്ന് സ്വീകരിച്ച് സ്പീക്കറുടെ വേദിയിലേക്ക് ആനയിച്ചു. ഗവർണറും സ്പീക്കറും അവരവരുടെ ഇരിപ്പിടങ്ങൾക്ക് മുന്നിലെത്തിയപ്പോൾ ദേശീയഗാനം ആലപിക്കപ്പെട്ടു

9.00 മണിക്ക് നിയമസഭ സമ്മേളിച്ചു

തുടർന്ന് ഗവർണർ സഭയെ അഭിസംബോധന ചെയ്തു പ്രസംഗിച്ചു

[ഗവർണറുടെ പ്രസംഗം ആരംഭിച്ചപ്പോൾതന്നെ മുദ്രാവാക്യങ്ങൾ മുഴക്കിയ പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു]

പ്രസംഗം കഴിഞ്ഞ് ഗവർണർ ഇരിപ്പിടത്തിനു മുന്നിലെത്തിയപ്പോൾ വീണ്ടും ദേശീയ ഗാനം ആലപിക്കപ്പെട്ടു. ഗവർണറെ യാത്രയാക്കിയ ശേഷം സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭാനടപടികൾ തുടർന്നു. ഗവർണറുടെ പ്രസംഗത്തിന്റെയും നന്ദിപ്രമേയത്തിന്റെയും പകർപ്പുകൾ അംഗങ്ങൾക്ക് വിതരണം ചെയ്തു. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച 2022 ഫെബ്രുവരി 22-ന് ആരംഭിക്കുന്നതാണെന്നും, അംഗങ്ങൾക്ക് 2022 ഫെബ്രുവരി 20-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 12.00 മണിവരെ നന്ദിപ്രമേയത്തിന്റെ ഭേദഗതികൾക്കുള്ള നോട്ടീസ് സമർപ്പിക്കാവുന്നതാണെന്നും സ്പീക്കർ സഭയെ അറിയിച്ചു. പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങളുടെ അഭാവത്തിൽ ഗവർണ്ണറോടൊപ്പം നിശ്ചയിച്ചിരുന്ന ഫോട്ടോ സെഷൻ മറ്റൊരവസരത്തിലേയ്ക്ക് മാറ്റിയിരിക്കുന്നതായും സ്പീക്കർ സഭയെ അറിയിച്ചു

2022 ഫെബ്രുവരി 21-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 10.16 -ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

KNPP.132/2022(i).

# FIFTEENTH KERALA LEGISLATIVE ASSEMBLY

Fourth Session

# BULLETIN—PART I

(Brief Record of Proceedings)

*Friday, February 18, 2022.*

**No. 51**

The Governor was received at the portico of the Assembly building by the Speaker, the Chief Minister, the Minister for Scheduled Castes, Scheduled Tribes, Backward Classes, Devaswoms and Parliamentary Affairs, the Legislature Secretary and the Chief Secretary and was led to the dais. When the Governor and the Speaker arrived at their respective positions on the dais, National Anthem was played.

The Assembly met at 9.00 a.m.

The Governor delivered the Address to the Legislative Assembly.

[At the commencement of the Governor's Address, the Members belonging to the opposition started shouting slogans and boycotted rest of the proceedings.]

After the Address, when the Governor took position in front of his seat, National Anthem was played again. After the departure of the Governor, the business of the House was resumed with Mr. Speaker in the Chair. Copies of Governor's Address and Motion of Thanks were distributed among the Members. The Speaker informed the House that the discussion on the Motion of Thanks to Governor's Address would commence from February 22, 2022 and that those Members who presume to give notice of amendments to the Motion of Thanks may do so before 12.00 p.m. on Sunday, February 20, 2022. The Speaker also informed the House that the photo session proposed with the Governor had been postponed due to the absence of Members belonging to the opposition parties.

The House adjourned at 10.16 a.m. to meet again at 9.00 a.m. on Monday, February 21, 2022.

S. V. UNNIKRISHNAN NAIR,
*Secretary.*

KNPP.132/2022(ii).